സ്പെഷ്യൽ ഗവ. പ്ലീഡർ ഉൾപ്പെടെ സീനിയർ ഗവണ്മെന്റ് പ്ലീഡർമാർ ഉൾപ്പെട്ട ഒരു സെൽ ഹൈക്കടതിയിൽ നികുതിസംബന്ധമായ കേസുകൾ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിന് പ്രവർത്തിച്ചു വരുന്നു.

15 (*349) കേരള മോട്ടോർ വാഹന ഭേദഗതി നിയമം

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ :

ശ്രീ. സെബാസ്റ്റ്യൻ പോൾ :

ശ്രീ. എം.വി. ജയരാജൻ :

ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ മോട്ടോർ വാഹന ഭേദഗതി നിയമം സംസ്ഥാനത്ത് പ്രാബല്യത്തിൽ വന്നിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന വിവിധതരം ബസ്സുകൾക്ക് ഉണ്ടാകാവുന്ന കാലപ്പഴക്കം, സർവ്വീസ് നടത്തേണ്ട ദൂരം തുടങ്ങിയവ സംബന്ധിച്ച് നിലവിലുള്ള നിയമത്തിലും ഭേദഗതി നിയമത്തിലും ഉള്ള വ്യത്യാസങ്ങൾ വ്യക്തമാക്കുമോ;

(സി) ഹൈടെക് സർവീസുകൾ സംസ്ഥാനത്ത് ഇപ്പോൾ ഉണ്ടോ; ഹൈടെക് സർവീസ് സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) :

(എ) ഉണ്ട്. 1.2.99 ൽ ജി.ഒ. (പി) നമ്പർ 4/99 എന്ന ഉത്തരവ് പ്രകാരം മോട്ടോർ വാഹന നിയമം ഭേദഗതി ചെയ്തുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഇതിനെതിരായി ഹൈക്കോടതിയിൽ 11742/99-ാം നമ്പർ ഒ.പി. ഫയൽ ചെയ്തിട്ടുള്ളതിനാലും പ്രസ്തുത ഒ.പി. യിൽ 19694/99 നമ്പർ ബി.എം.പി.യിൽ 11.5.99 ലെ ഉത്തരവുപ്രകാരം മൂന്നു മാസത്തെ ഇടക്കാല സ്റ്റേ ഉള്ളതിനാലും ഈ നിയമം നടപ്പിൽ വന്നിട്ടില്ല.

(ബി) സിറ്റിയിൽ നിന്നോ ടൗണിൽ നിന്നോ 5 കി. മീറ്ററിൽ കൂടുതൽ പുറത്തേയ്ക്ക് പോകാത്ത സർവ്വീസുകളെ യഥാക്രമം സിറ്റി സർവ്വീസ്, ടൗൺ സർവ്വീസ് എന്ന് നിർവചിച്ചിരിക്കുന്നു.

2. 140 കി.മീറ്റർ ദൂരപരിധിയ്ക്കുള്ളിൽ സർവ്വീസ് നടത്തുന്നതായിരിക്കണം ഓർഡിനറി ബസ്സുകൾ. എഴുപത് കി.മീറ്ററിൽ കുറയാത്തതും 160 കി. മീറ്ററിൽ കൂടാത്തതുമായ സർവ്വീസുകളെ ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകൾ എന്ന് നിർവചിച്ചിട്ടുണ്ട്.

ടൗൺ സർവ്വീസുകൾക്കും ഓർഡിനറി സർവ്വീസുകൾക്കും ബസിന്റെ കാലപ്പഴക്കം നിശ്ചയിച്ചിട്ടില്ല. ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾക്ക് 5 വർഷവും സൂപ്പർ ഫാസ്റ്റ് സർവ്വീസ് നടത്തുന്ന വാഹനങ്ങൾക്ക് 3 വർഷവും സൂപ്പർ എക്സ്പ്രസ്, സൂപ്പർ ഡീലക്സ്, ലക്ഷ്വറി വാഹനങ്ങളുടെ കാലപ്പഴക്കം രണ്ടു വർഷവുമായി നിജപ്പെടുത്തിയിട്ടുണ്ട്.

3. 50- ൽ കുറയാത്ത സ്റ്റേജ് ക്യാരേജ് സർവ്വീസുകൾ ഉള്ള ഒരു വ്യക്തിയോ സ്ഥാപനമോ ഫ്ളീറ്റ് ഓപ്പറേറ്റർ എന്ന് വിളിക്കപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

4. ഒരു ഫ്ളീറ്റ് ഓണർ 300 കി.മീ. കുറയാത്ത ദൈർഘ്യമുള്ള റൂട്ടിൽ നടത്തുന്ന സർവ്വീസിനെ (എയർ കണ്ടീഷൻസ്) ലക്ഷ്വറി സർവ്വീസ് എന്നു പറയുന്നു.

5. ഓരോ ഫെയർ സ്റ്റേജിലും ഒന്നോ അതിൽ കൂടുതലോ സ്റ്റോപ്പുകളുള്ളതും 140 കിലോ മീറ്ററിൽ കൂടാത്ത ദൈർഘ്യമുള്ളതുമായ സർവ്വീസുകളെ ഓർഡിനറി സർവ്വീസ് എന്ന് നിർവചിച്ചിരിക്കുന്നു.

6. ഒരു ഫ്ളീറ്റ് ഓണർ 300 കിലോ മീറ്ററിൽ കുറയാത്ത ദൈർഘ്യമുള്ള റൂട്ടിൽ നടത്തുന്ന സർവ്വീസിനെ സൂപ്പർ ഡീലക്സ് സർവ്വീസ് എന്ന് നിർവചിച്ചിരിക്കുന്നു.

7. ഒരു ഫ്ളീറ്റ് ഓണർ 200 കിലോ മീറ്ററിൽ കുറയാത്ത ദൈർഘ്യമുള്ള റൂട്ടിൽ നടത്തുന്ന സർവീസിനെ സൂപ്പർ എക്സ്പ്രസ് സർവ്വീസ് എന്ന് നിർവചിച്ചിരിക്കുന്നു.

8. ഒരു ഫ്ളീറ്റ് ഓണർ 150 കിലോ മീറ്ററിൽ കുറയാത്തതും 450 കിലോ മീറ്ററിൽ കൂടാത്തതുമായ ദൈർഘ്യമുള്ള റൂട്ടിൽ നടത്തുന്ന സർവീസിനെ സൂപ്പർ ഫാസ്റ്റ് സർവീസ് എന്ന് നിർവചിച്ചിരിക്കുന്നു.

9. ലക്ഷ്വറി സർവീസിന്റെയും സൂപ്പർ ഡീലക്സ് സർവീസിന്റേയും സ്റ്റോപ്പുകൾ അതാതു ഡിസ്ട്രിക്റ്റ് ഹെഡ് ക്വാർട്ടേഴ്സുകളിലും സൂപ്പർ എക്സ്പ്രസ് സർവീസുകൾക്ക് താലൂക്ക് ഹെഡ് ക്വാർട്ടേഴ്സുകളിലും സ്റ്റോപ്പുകൾ ഉണ്ടായിരിക്കണം. ഈ സ്ഥലങ്ങളിൽ ഈ ബസുകൾക്ക് മുൻകൂർ റിസർവേഷൻ സൗകര്യം ഉണ്ടായിരിക്കണം.

10. രജിസ്റ്റർ ചെയ്ത തീയതി മുതൽ 5 വർഷത്തിൽ കൂടുതൽ പഴക്കമുള്ള വാഹനങ്ങളെ ഫാസ്റ്റ് പാസഞ്ചർ സർവ്വീസായി ഓടാൻ അനുവദിക്കുന്നതല്ല. 3 വർഷത്തിൽ കൂടുതൽ പഴക്കമുള്ള ബസുകളെ സൂപ്പർ ഫാസ്റ്റ് സർവ്വീസുകളായി ഓടാൻ അനുവദിക്കുന്നതല്ല. രണ്ടു വർഷത്തിൽ കൂടുതൽ പഴക്കമുള്ള ബസുകളെ ലക്ഷ്വറി സർവീസ് ആയി ഓടാൻ അനുവദിക്കുന്നതല്ല.

11. ലക്ഷ്വറി സർവ്വീസ്, സൂപ്പർ ഡീലക്സ് സർവ്വീസ്, സൂപ്പർ എക്സ്പ്രസ് സർവ്വീസ്, സൂപ്പർ ഫാസ്റ്റ് സർവ്വീസ് എന്നിവകളിൽ സ്റ്റാന്റിംഗ് പാസഞ്ചേഴ്സിനെ അനുവദിക്കുന്നതല്ല.

12. 1989 ലെ കേരള മോട്ടോർ വാഹന നിയമം 269 അനുസരിച്ച് ബസുകളുടെ വീൽബേസ് അടിസ്ഥാനമാക്കിയാണ് സീറ്റിംഗ് കപ്പാസിറ്റി നിശ്ചയിച്ചിരിക്കുന്നത്.

ഇതിൽ പറഞ്ഞ കുറഞ്ഞ പരിധി ലക്ഷ്വറി സർവ്വീസിനും സൂപ്പർ ഡീലക്സ് സർവീസിനും ബാധകമാക്കിയിട്ടില്ല.

13. ലക്ഷ്വറി സർവ്വീസുകളിലും സൂപ്പർ ഡീലക്സ് സർവ്വീസുകളിലും യാത്രക്കാർക്ക് സൗകര്യപ്രദമായി ഇരിക്കുന്നതിന് പുഷ്ബാക് സീറ്റുകളും ഫോം കുഷ്യൻസ് ഹെഡ്റെസ്റ്റുകളും ഫുട്ട് റെസ്റ്റുകളും ഹാം റെസ്റ്റുകളും സേഫ്റ്റി ബൽറ്റുകളും നിർബന്ധമാക്കിയിട്ടുണ്ട്. സൂപ്പർ എക്സ്പ്രസ്, സൂപ്പർ ഫാസ്റ്റ് സർവ്വീസുകൾക്കും ഫോം കുഷൻ സീറ്റുകളും ഹെഡ്റെസ്റ്റുകളും ഫുട്ട് റെസ്റ്റുകളും നിർബന്ധമാണ്.

14. ലക്ഷ്വറി സർവ്വീസ്, സൂപ്പർ ഡീലക്സ് സർവ്വീസ്, സൂപ്പർ എക്സ്പ്രസ് സർവ്വീസ് എന്നിവകളിൽ കുടിവെള്ളം നൽകുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന വിവിധയിനം ബസ്സുകൾക്ക് കാല പ്പഴക്കം, സർവ്വീസ് നടത്തേണ്ട ദൂരം എന്നിവ സംബന്ധിച്ച് 1.2.99 ലെ മോട്ടോർ വാഹന നിയമഭേദഗതിക്ക് മുൻപ് വ്യവസ്ഥകളൊന്നും നിലവിലില്ലായിരുന്നു.

(സി) ഹൈടെക് സർവീസുകൾ സംസ്ഥാനത്ത് ഇപ്പോൾ നിലവിലില്ല. മാത്രമല്ല ഹൈടെക് സർവീസുകളെ സംബന്ധിച്ച് റൂളിൽ നിർവചിച്ചിട്ടുമില്ല.

16 (*350) ഏകാംഗ ട്രഷറികൾ ആരംഭിക്കാൻ നടപടി

ശ്രീ. പി. രാഘവൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. എം.എ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പഞ്ചായത്തുകൾ ഉൾപ്പെടെയുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ജനകീയാസൂത്രണ പരിപാടി നിലവിൽ വന്നതിനു ശേഷം വർദ്ധിച്ചു വരുന്ന പണമിടപാട് കാര്യങ്ങൾ സർക്കാരിന്റെ ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തെങ്കിലും പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാ ക്കുമോ;

(സി) പഞ്ചായത്തുകളിലും നഗരങ്ങളിലും ഏകാംഗ ട്രഷറികൾ സ്ഥാപിക്കുന്ന നടപടി ഇപ്പോൾ നിർത്തിവച്ചിരിക്കുകയാണോ എന്ന് വ്യക്തമാ ക്കുമോ;

(ഡി) എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഇ) ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം അനുവദിച്ചതും ഇതുവരെ പ്രവർത്തനം തുടങ്ങാത്തതുമായ ഏകാംഗ ട്രഷറികൾ പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(എഫ്) ട്രഷറികളുടെ പ്രവർത്തനം കഴിയുന്നത്ര വികേന്ദ്രീകരിക്കാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാ ക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) ഉണ്ട്.

(ബി) ഇപ്പോൾ ഇല്ല. ട്രഷറികളിലെ കംപ്യൂട്ടർവൽക്കരണം പൂർത്തി യായ ശേഷം ഇതേക്കുറിച്ച് ആലോചിക്കാവുന്നതാണ്.

(സി) അതെ.

(ഡി) കംപ്യൂട്ടർവൽക്കരണം പൂർത്തിയാക്കുന്നതുവരെ പുതിയ ഏകാംഗ ട്രഷറികൾ അനുവദിക്കുന്നത് നിർത്തിവയ്ക്കാനാണ് ഗവണ്മെന്റ് തീരുമാനം.

(ഇ) കംപ്യൂട്ടർവൽക്കരണം നിലവിൽ വന്നശേഷം ഏകാംഗ ട്രഷറി കളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തി ഉചിതമായ നടപടി സ്വീകരിക്കു ന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly